# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *259** — **07.11.2019-ൽ മറുപടിയ്ക്ക്**

## റോഡുകളുടെ ഈടുറ്റ നിർമ്മാണരീതി

**ചോദ്യം**

ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീമതി.പി. അയിഷാ പോറ്റി
ശ്രീ.എ. എൻ. ഷംസീർ
ശ്രീ .സജി ചെറിയാൻ

**മറുപടി**

ശ്രീ.ജി.സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| (എ) മുൻകാലങ്ങളിൽ സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണരീതി കനത്തമഴയെ അതിജീവിക്കുന്ന രീതിയിലുള്ളവയായിരു — ന്നില്ലെന്നതിനാൽ ഓരോ മഴക്കാലവും കഴിയും മുമ്പുതന്നെ ഗതാഗതത്തിന് ബുദ്ധിമുട്ടാക്കിയിരുന്ന സ്ഥിതി പരിഹരിക്കാനായി ഈടുറ്റ നിർമ്മാണ രീതി അവലംബിക്കാൻ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ; | (എ) സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടാകുന്ന കനത്ത മഴയും പ്രളയവും കണക്കിലെടുത്ത് കാലാവസ്ഥാവ്യതിയാനങ്ങളെ അതിജീവിക്കുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. ഇതിനായി റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 15 വർഷം ഈടു നിൽക്കുന്ന ഡിസൈൻ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് മണ്ണിന്റെ ഘടന, ട്രാഫിക് സാന്ദ്രത എന്നിവ കണക്കിലെടുത്ത് റോഡുകൾ ഡിസൈൻ ചെയ്ത് നിർമ്മിക്കുന്നു. മഴക്കാലത്തെ അതിജീവിക്കുന്നതിനായി റോഡുകൾ ഈടുനിൽക്കുന്ന ബി.എം & ബി.സി. ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. 15-20 വർഷം ഈടുനിൽക്കുന്ന വൈറ്റ് ടോപ്പിംഗ് ചെയ്യുന്നതും പരിഗണിച്ചു വരുന്നു. |

ദേശീയ പാതകളുടെ നിർമ്മാണവും പരിപാലനവും ദേശീയ നിലവാരം പുലർത്തുന്നതിലേക്കായി ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റെ വിവിധ കോഡുകളും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ സ്പെസിഫിക്കേഷനും അനുസരിച്ചാണ് നടപ്പിലാക്കുന്നത്. കൂടാതെ ടാറിങ്ങിന്റെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം ഡൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നാഷണൽ ഹൈവേകളിൽ റോഡ് നിർമ്മാണം നടത്തുന്നത്. അത്യാധുനിക സാങ്കേതിക വിദ്യയായ മില്ലിംഗ് ആന്റ് റിസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയ പാതയുടെ ഉപരിതലം പുതുക്കുന്ന ഒരു പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. ഒരു പ്രവൃത്തി പ്രാരംഭഘട്ടത്തിലുമാണ്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾ തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനു ശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമെന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്.

ദേശീയപാതാ വിഭാഗത്തിൽ ടാറിനോടൊപ്പം പ്ലാസ്റ്റിക്ക് പൊടിച്ച് ചേർത്ത്കൊണ്ട് നിർമ്മാണം നടത്തുവാൻ 2018-19 സാമ്പത്തിക വർഷം സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിച്ച് വരികയാണ്.

(ബി) ഉദ്യോഗസ്ഥരെ ആധുനിക നിർമ്മാണരീതിയിൽ പ്രാപ്തരാക്കുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ആധുനിക നിർമമാണ രീതിയിൽ പ്രാപ്തരാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് ആവശ്യമായ ശിൽപശാലകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. പൊതുമരാമത്ത് പ്രവൃത്തികളിലെ അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ ലാബ് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ പ്രവൃത്തികൾക്കും ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബ് മുഖേനയുള്ള Second tier ക്വാളിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഫൈനൽ പേയ്മെന്റ് നടത്താറുള്ളൂ. കൂടാതെ 2 കോടിക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ്

4

സജ്ജമാക്കണമെന്ന് SBD പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്ന എല്ലാ പ്രവൃത്തികളും സർക്കാർ അംഗീകരിച്ച Standard Bid Document പ്രകാരമാണ് ടെണ്ടർ ചെയ്ത് നടപ്പിലാക്കിവരുന്നത്. നിലവിൽ 5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ – ടെണ്ടർ മുഖേന സുതാര്യമായാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൽട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ ആയത് കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ

ചെയ്യുന്നുണ്ട്.

"പുതിയകാലം, പുതിയ നിർമ്മാണം" എന്ന പുതിയ നയത്തിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനായി സ.ഉ.സാധാ.(എം,എസ്സ്) നമ്പർ 1/2018/പൊ.മ.വ. തീയതി 5/1/2018 പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ , ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപികരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പൊതുമരാമത്ത് വകുപ്പിനെ അഴിമതി വിമുക്തമാക്കുവാൻ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികളും സ്വീകരിച്ച് വരുന്നു.

പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കുന്നതിനായി 1800 425 7771 എന്ന ടോൾ ഫ്രീ നമ്പർ ലഭ്യമാണ്.

**(സി)** നിർമ്മാണത്തിൽ ഉയർന്ന ഗുണനിലവാരം പുലർത്തുന്നതിനും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഭ്യമായ ആധുനിക യന്ത്ര

(സി) ആധുനിക യന്ത്ര സംവിധാനങ്ങളെക്കുറിച്ചും, പുതിയ നിർമ്മാണ വിഭവങ്ങളെക്കുറിച്ചും, നിർമ്മാണ രീതിയെക്കുറിച്ചും നിർമ്മാണത്തിൽ ഉയർന്ന നിലവാരം പുലർത്തുന്നതിനും വേണ്ടി

സംവിധാനങ്ങളെക്കുറിച്ചും പുതിയ നിർമ്മാണ വിഭവങ്ങളെക്കുറിച്ചും നിർമ്മാണ രീതിയെക്കുറിച്ചും അറിവു പകരുന്നതിനും പൊതുമരാമത്ത് കരാറുകാർക്ക് വേണ്ടി അക്കാദമി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;
വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് ആവശ്യമായ പരിശീലന പരിപാടികൾ ജില്ലാലാബുകൾ വഴി എല്ലാ ജില്ലകളിലും നടത്തി വരുന്നു ,നിലവിൽ പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് വേണ്ടി അക്കാഡമി സ്ഥാപിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ